IX അനൗദ്യോഗികാംഗങ്ങളുടെ കാര്യങ്ങൾ

(1) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിഒന്നാമത് റിപ്പോർട്ട്

ശ്രീ. എം. എം. ഹസ്സൻ: സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തൊന്നാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: പ്രമേയം അംഗീകരിച്ചിരിക്കുന്നു.

(2) അനൗദ്യോഗികാംഗങ്ങളുടെ ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയം സംബന്ധിച്ച ചർച്ച (തുടർച്ച)

(1) 1985-ലെ പൊൻമുടി ടീ എസ്റ്റേറ്റ് (പ്രൈവറ്റ്) ലിമിറ്റഡ് (സംരംഭങ്ങൾ വിലക്കെടുക്കൽ) ബിൽ

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, ഞാൻ ഈ ബില്ലവതരിപ്പിച്ചുകൊണ്ട് കൂടുതൽ സംസാരിക്കണമെന്നാഗ്രഹിക്കുന്നില്ല. ഒരു മാനുഷിക പ്രശ്നമായിട്ട് ഞാനിത് സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തിയതാണ്. 500 തൊഴിലാളികളും അവരുടെ ആശ്രിതരായ രണ്ടായിരത്തോളം ആളുകളും അവിടെ മലമുകളിൽ തൊഴിലില്ലാതെ സാംക്രമിക രോഗങ്ങൾ പിടിപെട്ടു പട്ടിണിയിൽ കഴിയുകയാണ്. അതുപോലെതന്നെ തേയില വ്യവസായം രക്ഷപ്പെടണമെന്ന ആഗ്രഹവുമുണ്ട്. പതിനാറായിരം കിലോഗ്രാം തേയില ഉൽപാദിപ്പിക്കുന്ന ഈ തേയില തോട്ടവും അതിലെ തൊഴിലാളികളേയും സംരക്ഷിക്കുന്നതിനുവേണ്ടി കൊണ്ടുവന്ന ഒരു ബില്ലാണിത്. ഈ ബില്ലിൽ എന്തെങ്കിലും അപാകതകൾ ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എനിക്ക് യാതൊരു എതിരഭിപ്രായവുമില്ല. ഈ തൊഴിലാളികളേയും വ്യവസായത്തേയും സംരക്ഷിക്കണമെന്ന അഭിപ്രായം മാത്രമേയുള്ളൂ. അതുകൊണ്ട് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി യുക്തമെന്നു തോന്നുന്ന ഒരു നിർദ്ദേശം ഈ നിയമ നിർമ്മാണത്തിൽ കൊണ്ടുവന്നാൽ അതെനിക്ക് സ്വീകാര്യമാണ്. പ്രതിപക്ഷ കക്ഷിനേതാക്കൾമാരെല്ലാം തന്നെ ഈ തോട്ടം ഏറ്റെടുക്കണമെന്നു പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും സ്പീക്കർക്കും മെമ്മോറാണ്ടം കൊടുത്തിട്ടുണ്ട്. ഈ തോട്ടത്തിൽ ആർ. ആർ. നടപടികൾ എടുക്കാൻ നടപടിയെടുത്തുവരികയാണ്. അത് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. രണ്ട് കോടി എട്ട് ലക്ഷത്തിഅമ്പത്തോരായിരത്തിയിരുന്നൂററി മുപ്പത് രൂപ 98 നയാപൈസ സർക്കാരിന് പ്ലാന്റേഷൻ ടാക്സ്, ബെയിസിക് ടാക്സ്, അഗ്രികൾച്ചറൽ ഇൻകം ടാക്സ് എന്നീയിനത്തിൽ കുടിശ്ശിക അടയ്ക്കാനുണ്ടെന്ന് 1984 ആഗസ്റ്റ് 16-ാം തീയതിപരസ്യം പ്രസിദ്ധപ്പെടുത്തി. അതടച്ചില്ലെങ്കിൽ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുമെന്നാണ് തഹശീൽദാരുടെ പരസ്യത്തിൽ പറയുന്നത്. ഇതിനുപുറമേ തൊഴിലാളികൾക്ക് കൊടുത്ത ആനുകൂല്യങ്ങൾ തന്നെ 37 ലക്ഷം വേറെയുണ്ട്. ഇൻഡ്യൻ ബാങ്കിന് 11 ലക്ഷം കൊടുക്കാനുണ്ട്. ഇങ്ങനെ വിവിധ കടങ്ങൾ ഈ എസ്റ്റേറ്റിനുണ്ട്. എന്നാൽ മുതലാളിക്ക് ഒരു പൈസ പോലും മുതൽ മുടക്കില്ല. 5 ലക്ഷം രൂപ മാത്രം മുടക്കുള്ള ഈ തോട്ടത്തിന് അന്നുതന്നെ അഞ്ചര ലക്ഷം രൂപയും മറ്റൊരവസരത്തിൽ 6 ലക്ഷം രൂപയും അങ്ങനെ പതിനൊന്നര ലക്ഷം രൂപ ഇൻഡ്യൻ ബാങ്കിൽ നിന്ന് കടമെടുത്താണ് മുതലാളി ഈ തോട്ടം വാങ്ങിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly